15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2878 — 14-09-2023 - ൽ മറുപടിയ്ക്ക്

പൂക്കോട്ടുംപാടം-മൈലാടിപ്പാലം റീച്ചിലെ വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം മുതൽ മൈലാടിപ്പാലം വരെയുള്ള റീച്ചിൽ റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യൂസർ ഏജൻസി കെ. എസ്. ഇ. ബി. യിൽ പണം അടവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര തുക ഏത് തീയതിയിലാണ് കെ.എസ്.ഇ.ബി. യിൽ അടച്ചതെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം മുതൽ മൈലാടിപ്പാലം വരെയുള്ള റീച്ചിൽ റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് യൂസർ ഏജൻസി കെ.എസ്.ഇ.ബി.എൽ.-ൽ പണം അടവാക്കിയിട്ടുണ്ട്. അടച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | മേൽ റീച്ചിലെ കെ. എസ്. ഇ. ബി. യുടെ എത്ര വൈദ്യുതിപോസ്റ്റുകളാണ് ഇതുവരെ മാറ്റി സ്ഥാപിച്ചതെന്നും ആകെ എത്ര പോസ്റ്റുകളാണ് ഇനിയും മാറ്റി സ്ഥാപിക്കേണ്ടതെന്നും ശേഷിക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് തടസ്സമെന്തെന്നും അറിയിക്കാമോ; | (ബി) | പൂക്കോട്ടുംപാടം മുതൽ മൈലാടിപ്പാലം വരെയുള്ള റീച്ചിലെ നിലമ്പൂർ പൂക്കോട്ടുംപാടം സെക്ഷനുകളിലായി ആകെ 325 വൈദ്യുതി പോസ്റ്റുകളാണ് മാറ്റിസ്ഥാപിക്കേണ്ടത്. ഇതിൽ 170 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. (നിലമ്പൂർ സെക്ഷൻ - 62 എണ്ണം, പൂക്കോട്ടുംപാടം സെക്ഷൻ - 108 എണ്ണം). ഇനി 155 പോസ്റ്റുകൾ കൂടി മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട് (നിലമ്പൂർ സെക്ഷൻ – 120 എണ്ണം, പൂക്കോട്ടുംപാടം സെക്ഷൻ – 35 എണ്ണം,) പൂക്കോട്ടുംപാടം ടൗണിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിച്ചിട്ടില്ല. അഞ്ചാം മൈൽ ജംഗ്ഷൻ, കുന്നംപറ ജംഗ്ഷൻ, തോട്ടേകാട് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ ബിൽഡിംഗ് ക്ലിയറൻസ്സിന്റെ പ്രശ്നമുള്ളതുകാരണം ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. തൊണ്ടി വളവിൽ ഒരു പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ലീഗൽ അതോറിറ്റിയിൽ കേസ് നിലവിലുണ്ട്. നിലമ്പൂർ സെക്ഷൻ പരിധിയിലെ പോസ്റ്റുകൾ മാറ്റുന്നതിനായി റോഡരികിലെ മരംമുറി, ഡ്രൈനേജ് എന്നീ പ്രവർത്തികൾ തീരേണ്ട ഉണ്ട്. പ്രസ്തുത കാരണങ്ങളാൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട് . |

| Sl. No | വർക്ക് | അടവാക്കിയ തുക | അടച്ച തിയ്യതി |
|---|---|---|---|
| 1 | തൊണ്ടി - മുക്കട്ട | 67,98,821/- | 23.12.2022 |
| 2 | വെളിയംതോട് - മൈലാടി | 1,78,733/- | 23.12.2022 |
| 3 | പൂക്കോട്ടുംപാടം - തൊണ്ടി | 53,94,606/- | 23.12.2022 |

| | | | |
|---|---|---|---|
| (സി) | പൂക്കോട്ടുംപാടം, നിലമ്പൂർ എന്നീ സെക്ഷനുകളിൽ മേൽ റീച്ചിലെ വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പൂക്കോട്ടുംപാടം, നിലമ്പൂർ എന്നീ സെക്ഷനുകളിൽ വൈദ്യുതിപോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ടെൻഡർ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ഡി) | മേൽ റീച്ചിൽ വൈദ്യുതിപോസ്റ്റുകൾ ഇതുവരെയും മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ പല സ്ഥലത്തും കലുങ്കുകളുൾപ്പെടെയുള്ള റോഡ് നിർമ്മാണം മുടങ്ങിക്കിടക്കുന്ന വിവരം കെ.എസ്.ഇ.ബി. യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. മരം മുറിക്കുന്നതിനും ഡ്രൈനേജുകൾ പണിയുന്നതിനും തടസ്സമായി നിൽക്കുന്ന ലൈനുകളും പോസ്റ്റുകളും മാറ്റുന്നതിനായി കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ അറിയിക്കുകയും പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ ഡെപ്പോസിറ്റ് വർക്ക് തുക അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ